HON'BLE MR. N. KUNJURAMAN : ഒരു പ്രത്യേക സമുദായമായി പരിഗണിച്ചതിന് പ്രത്യേക ഉത്തരവുകൾ ഉള്ളതായി അറിവില്ല.

MR. P. C. ADICHAN : അവർ ഒരു പ്രത്യേക സമുദായമായി ഒരു സംഘടന രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നു ഗവണ്മെൻറിനെ ബോധ്യപ്പെട്ടുത്തിയാൽ മറ്റു സമുദായങ്ങൾക്ക് അതായത്, അതിനേക്കാൾ സാക്ഷരതപോലുള്ള സമുദായങ്ങൾക്കുപോലും കൊടുത്തുകൊണ്ടിരിക്കുന്ന സൗജന്യങ്ങൾ അവർക്കും കൊടുക്കുവാൻ മടിയുണ്ടാകുമോ ?

HON'BLE MR. N. KUNJURAMAN : ചട്ടപ്രകാരം കൊടുക്കാവുന്നതാണെങ്കിൽ കൊടുക്കാം.

SHORT NOTICE QUESTION.

Assistant Superintendent, Home Section.

* 173. MISS ANNIE MASCARENE : Will the Honourable Minister for Home Section be pleased to state;

(*a*) when was the Assistant Superintendent to Home Section Mr. Prabhakaran Nair enlisted in service;

(*b*) what is his salary; and

(*c*) How many people's legitimate claims were overlooked to give him his present position ?

MR. MANNAR GOPALAN NAIR : Sir, before that question is asked I wish to raise a point of order.

ഈ ചോദ്യത്തിനു വിഷയമായിട്ടുള്ള സംഗതി ഈ സെഷൻ തുടങ്ങുന്നതിനു വളരെ മുമ്പുതന്നെ നടന്നിട്ടുള്ളതാണു്. അങ്ങനെയുള്ള ഒരു കാര്യത്തെ സംബന്ധിച്ചു് ഇങ്ങനെ അടിയന്തിരമായി ഷാർട്ടനോട്ടീസ് ചോദ്യം ചോദിക്കാവുന്നതാണോ എന്നറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT : It has been allowed anyway, and as such it cannot be questioned now.

HON'BLE MR. T. K. NARAYANA PILLAI : (*a*) There was no appointment made as Assistant Superintendent. Mr. Prabhakaran Nair entered service in the Secretariat on 11-8-1123.

(*b*) His present salary is Rs. 125/- in the scale of Rs. 100-5-125 plus allowances including Rs. 20 which he gets as senior clerk in the section.

(*c*) It is a case of direct recruitment and in such cases there is no question of overlooking the claims of any one.

MISS ANNIE MASCARENE : ഇതിനെസംബന്ധിച്ചു് ഗവണ്മെൻറിനു് പരാതികൾ കിട്ടിയിട്ടുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : അനേകം പരാതികൾ സെക്രട്ടറിയേറ്റിലെ ക്ലാർക്കന്മാരിൽനിന്നതന്നെ കിട്ടിയിട്ടുണ്ടു് :

LIBRARY ARCHIVES Kerala Legislative Assembly

MISS. ANNIE MASCARENE : ആ പരാതികളിന്മേൽ എന്തെങ്കിലും പരിഹാരം നൽകിയിട്ടുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : പരിഹാരം നൽകിയിട്ടില്ല. എന്തു പരിഹാരം നൽകാമെന്നു ഗവണ്മെൻറു് ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

MISS ANNIE MASCARENE : ഇത്തരം നിയമനങ്ങൾ ജനകീയഗവണ്മെൻറിന്റെ സൽപ്പേരിനെ കളങ്കപ്പെടുത്തുന്നതാണെന്നറിയാമോ ?

HON'BLE MR. T. K. NARAYANA PILLAI : അതു് ഓരോരുത്തരുടെ അഭിപ്രായത്തെ അടിസ്ഥാനമാക്കിയിരിക്കുന്നതാണു്.

MISS ANNE MASCARENE : ഇപ്പോലെയുള്ള നിയമനങ്ങൾ ഇതിനു മുമ്പു് ഉണ്ടായിട്ടുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : ഇതിനുമുമ്പു പല നിയമനങ്ങളും ഉണ്ടായിട്ടുണ്ടു്.

MISS ANNIE MASCARENE : ഒരു ഡിപ്പാർട്ടുമെൻറിൽനിന്നും മറ്റൊരു ഡിപ്പാർട്ടുമെൻറിലേക്കു റിക്രൂട്ടു ചെയ്യുമ്പോൾ പലരുടേയും തലക്കു മീതെ ആരെയെങ്കിലും പോസ്റ്റു ചെയ്തിട്ടുണ്ടോ ?

HON'BLE MR. T K. NARAYANA PILLAI : അങ്ങിനെ നടന്നിട്ടുള്ളതിനും ഉദാഹരണങ്ങൾ ഉണ്ടു്.

MISS ANNIE MASCARENE : അതിനുള്ള ന്യായം എന്താണെന്നു പറയാമോ ?

HON'BLE MR. T. K. NARAYANA PILLAI : അതിനുള്ള ന്യായത്തെപ്പറ്റി ഇപ്പോൾ പറയാൻ നിവൃത്തിയില്ല. ഈ ഒരു നിയമനത്തെപ്പറ്റിമാത്രമാണു് ചോദ്യം.

MISS ANNIE MASCARENE : മി. പ്രോകരൻനായരെ നിയമിക്കുന്നതിനു് വല്ല പ്രത്യേക യോഗ്യതകളും ഉണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : ബി. എ. പാസായിട്ടുണ്ടു്. വേറെ വല്ല യോഗ്യതയുമുണ്ടോ എന്നറിഞ്ഞുകൂടാ ?

Written Answers.

പരിഷ്കരിച്ച ഫീസ് സംബന്ധിച്ചുള്ള പട്ടിക.

*174. **MR. P. C. ADICHAN :** താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹു. വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ ?

LIBRARY ARCHIVES Kerala Legislative Assembly